# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7528      17.07.12-ൽ മറുപടിക്ക്.

### തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകൾ കത്താത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി. തലത്തിൽ തീർപ്പുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും നടത്തുന്നതിനുള്ള പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി കൊണ്ട് ടെണ്ടറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കെ.എസ്.ഇ.ബി ഒഴികെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണെന്ന് നം.3055/ ഡി.എ3/11/തസ്വഭവ പ്രകാരം 15.09.2011-ൽ ഉത്തരവായിരുന്നു. എന്നാൽ ഇത് വളരെയധികം സാങ്കേതിക ബുദ്ധിമുട്ടുകൾക്കും അതുവഴി കാലതാമസത്തിനും ഇടയാകുമെന്നതിൽ ടി പ്രവൃത്തികളിൽ കെ.എസ്.ഇ.ബി യെ ഉൾപ്പെടുത്തി കൊണ്ട് 27/3/12-ൽ 67208/ഡിഎ3/11/തസ്വഭവ ആയി ഭേദഗതി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ടെൻഡറിംഗിലൂടെ നടത്തുന്നതിന് സാധിക്കുന്നതാണ്. |
| (ബി) നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഉള്ള അധികാരം ആർക്കാണ് എന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതും സംബന്ധിച്ച പ്രവൃത്തികൾ കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ നൽകുവാനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചി |

| | | | |
|---|---|---|---|
| | | | നിയറുടെ മേൽനോട്ടത്തിൽ മാത്രമേ ഇതു സംബന്ധിച്ച പ്രവൃത്തികൾ നിർവ്വഹിക്കാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | പഞ്ചായത്ത്തലത്തിൽ തെരുവു വിളക്കുകൾക്ക് ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 21.01.06-ലെ 9541/ഡിപി1/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ